WOMEN AND SOCIETY IN THE NOVELS OF MADAMPU KUNJIKUTTAN

KALAMOL T.K
Guide - Dr. S.K. Vasanthan
2012

പ്രബന്ധരൂപരേഖ

0.1 നോവൽ എന്ന സാഹിത്യരൂപം അതിന്റെ പേരുപോലെത്തന്നെ എന്നും നവീനതയെ സ്വായത്തമാക്കിക്കൊണ്ട് മുന്നേറുകയാണ്. മനുഷ്യജീവിതപ്രദർശനശാലയായ നോവൽ എക്കാലത്തും മനുഷ്യന്റെ ആധികളിലും ഹർഷോന്മാദങ്ങളിലും കൂട്ടായുണ്ട്. മലയാള സാഹിത്യ രംഗത്ത് അതികായരായ പലരും നോവലിനെ സ്വന്തം തട്ടകമായി തിരിച്ചറിഞ്ഞവരാണ്. പ്രസ്തുതരംഗത്ത് സ്വന്തം കൈയൊപ്പു പതിച്ചിട്ടും വേണ്ടത്ര പരിഗണന കിട്ടാതെ പോയവരുടെ കൃതികൾ പുനർവായനയുടെ സാധ്യതകൾക്കായി കാത്തിരിക്കുന്നു. ഈ വിഭാഗത്തിൽ പെടുന്നു മാടമ്പിന്റെ നോവലുകൾ. അതുകൊണ്ടു തന്നെ നിരന്തരമായ പഠനമനനങ്ങൾ നോവൽ എന്ന സാഹിത്യരൂപത്തിന് ആവശ്യമായി വരുന്നു.

0.2. തികച്ചും വൈദേശികമായി ഭാരതത്തിൽ കടന്നുവന്ന ഫെമിനിസം ഇവിടെ വേരുപിടിയ്ക്കാൻ അധികനാൾ വേണ്ടിവന്നില്ല. കേരളത്തിലെ കർശനമായ ജീവിതവ്യവസ്ഥകൾക്കുള്ളിൽ കഴിഞ്ഞിരുന്ന സവർണ്ണവിഭാഗത്തിലെ സ്ത്രീകൾക്ക്, അവരുടെ ജീവിതാവസ്ഥകൾ മെച്ചപ്പെടുത്താൻ ഫെമിനിസം എത്രമാത്രം സഹായകമായി എന്ന പഠനം വളരെ പ്രധാന്യമർഹിക്കുന്ന വിഷയമാണ്.

0.3 മലയാളത്തിലെ നോവലിസ്റ്റുകൾക്കിടയിൽ ഒട്ടേറെ അതികായരുണ്ട്. അവരുടെ മികച്ച രചനകളെ കുറിച്ചുള്ള പഠനങ്ങൾ പേർത്തും പേർത്തും വന്നുകൊണ്ടിരിക്കുന്നു. തനതായ ഗദ്യശൈലികൊണ്ട് വേറിട്ടൊരു പാത സ്വീകരിച്ച മാടമ്പ് കുഞ്ഞു കുട്ടന്റെ കൃതികൾ വേണ്ടത്ര വിശകലന വിധേയമാക്കിയിട്ടില്ല എന്ന കുറവ് മനസ്സിലാക്കിത്തന്നെ പ്രസ്തുത നോവലുകൾ പഠിക്കുവാനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്.

0.4 പ്രബന്ധം ആകെ ഒമ്പത് അദ്ധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു. ആദ്യത്തെ അദ്ധ്യായത്തിൽ നോവലിന്റെ ഘടനയെ കുറിച്ച് ചർച്ച ചെയ്യുന്നു.

0.5 രണ്ടാമദ്ധ്യായം നമ്പൂതിരി സമുദായത്തിലെ സ്ത്രീകളുടെ നവോത്ഥാനത്തെ കുറിച്ച് പഠിക്കാനുള്ള ഉദ്യമമാണ്. നേതൃത്വപരമായ കഴിവുകൾ പ്രകടിപ്പിച്ച അന്തർജ്ജനങ്ങളെ ഇവിടെ പരിചയപ്പെടുത്തുന്നു.

0.6 നമ്പൂതിരി സമുദായത്തിലെ നവോത്ഥാന പരിശ്രമങ്ങൾ സാഹിത്യത്തിൽ എപ്രകാരം പ്രതിഫലിച്ചു എന്നതാണ് മൂന്നാമദ്ധ്യാത്തിലെ വിഷയം. അതിനു സഹായകരമായ വിധത്തിൽ വി.ടി.ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, പ്രേംജി, എം.ആർ.ബി, ലളിതാംബിക അന്തർജ്ജനം എന്നിവരുടെ പ്രധാനകൃതികൾ സാമാന്യമായി. പരിശോധിക്കുന്നു.

0.7 നാലാം അദ്ധ്യായത്തിൽ യോഗക്ഷേമ സഭാപ്രവർത്തനത്തെ കുറിച്ച് പഠിക്കുന്നു. ഉണ്ണിനമ്പൂതിരി, യോഗക്ഷേമം മാസികകളിലെ പ്രധാനലേഖനങ്ങളുടെ പുനർവായനയും താരതമ്യേന അപ്രസിദ്ധരായ വ്യക്തികളുടെ മികച്ച രചനകളെ കുറിച്ചുള്ള അന്വേഷണവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

0.8 നോവലുകളെ മൂന്ന് വിഭാഗങ്ങളായി തിരിച്ചുകൊണ്ടാണ് വിലയിരുത്തുന്നത്. അഞ്ച്, ആറ്, ഏഴ് അദ്ധ്യായങ്ങളിൽ ഈ പഠനം കാണാം.

1. ആത്മനിഷ്ഠ നോവലുകൾ
2. ആത്മനിഷ്ഠേതര നോവലുകൾ
3. തന്ത്രശാസ്ത്രാധിഷ്ഠിത നോവലുകൾ

0.9 അശ്വത്ഥാമാവ്, ഭ്രഷ്ട്, കോളനി, ഉത്തരകോളനി, സാവിത്രിദേ ഒരു വിലാപം, ചക്കരക്കുട്ടിപ്പാറു എന്നീ നോവലുകളെ ആത്മനിഷ്ഠം എന്ന വിഭാഗത്തിൽപ്പെടുത്തി രചനാപരമായ പ്രത്യേകതകൾ അന്വേഷിക്കുന്നു.

0.10 ആറാമദ്ധ്യായത്തിൽ ആത്മനിഷ്ഠേതര നോവലുകൾ എന്ന വിഭാഗത്തിൽപ്പെടുത്താവുന്ന മരാരാശ്രീ, പോത്ത്, പാതാളം, നിഷാദം, ദേവഭൂമി, ഒരു പട്ടിയുടെ ആത്മകഥ(സാരമേയം), എന്തരോ മഹാനുഭാവുലു, മഹാപ്രസ്ഥാനം, അഭിവാദയേ ഇവയുടെ വിശദമായ പഠനം നടത്തിയിരിക്കുന്നു.

0.11 അമൃതസ്യപുത്രഃ, സാധനാലഹരി, ആര്യാവർത്തം എന്നീ നോവലുകൾ തന്ത്രശാസ്ത്രാധിഷ്ഠിത നോവലുകൾ എന്ന വിഭാഗത്തിലുൾപ്പെടുത്തി നോവൽ സാഹിത്യത്തിൽ അവയ്ക്കുള്ള സ്ഥാനം പരിശോധിക്കുന്നു.

0.12. എട്ടാമദ്ധ്യായത്തിൽ മാടമ്പിന്റെ പ്രശസ്തനോവലുകളിലെ സ്ത്രീകഥാപാത്രങ്ങളെ അടിസ്ഥാനമാക്കി വ്യതിരിക്തതയാർന്ന ഒരു വീക്ഷണം സ്ത്രീത്വത്തെ സംബന്ധിച്ച് മാടമ്പ് പുലർത്തുന്നുണ്ടോ എന്നു പരിശോധിക്കുന്നു.

0.13 മാടമ്പിന്റെ ഭാഷാശൈലിയുടെ തനിമയാണ് ഒമ്പതാം അദ്ധ്യായത്തിൽ പഠനവിധേയമാക്കുന്നത്.

0.14 ഉപസംഹാരത്തിൽ മാടമ്പ് കുഞ്ഞുകുട്ടൻ എന്ന നോവലിസ്റ്റിന്റെ രചനാപരമായ നേട്ടങ്ങളും പാളിച്ചകളും വിശകലനവിധേയമാക്കുന്നു.

0.15 ഈ അന്വേഷണ പഠനങ്ങളിൽ നിന്നും എത്തിച്ചേർന്നിട്ടുള്ള നിഗമനങ്ങളും ഉപസംഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തുടർന്ന് അനുബന്ധമായി മാടമ്പുമായുള്ള അഭിമുഖവും ചേർത്തിരിക്കുന്നു.

0.16 സമകാലിക സമൂഹത്തിൽ നോവൽ മറ്റേതൊരു സാഹിത്യരൂപത്തില ധികം സ്വാധീനം ചെലുത്തുന്നു. സമൂഹവുമായി നോവൽ ബന്ധപ്പെടുന്നത് മുഖ്യമായും ഇതിവൃത്തത്തിലൂടെയാണ്. സമൂഹത്തിന്റെ പരിണാമത്തെ ഇതി വൃത്തം തൊട്ടുകാണിക്കുന്നു.

0.17 20-ാം ശതകത്തിന്റെ പ്രാരംഭദശകങ്ങളിൽ കേരളത്തിൽ സുശക്തമായ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ ആരംഭിച്ചു. നമ്പൂതിരി സമുദായത്തിന്റെ നവോത്ഥാന ചരിത്രം കാര്യമായ പഠനങ്ങൾക്ക് വിധേയമായിട്ടില്ല എന്നത് ശ്രദ്ധേ യമായ ഒരു വസ്തുതയാണ്.

0.18 ശ്രീ.മാടമ്പ് കുഞ്ഞുകുട്ടൻ താൻ ജനിച്ച സമൂഹത്തിന്റെ കറുപ്പും വെളുപ്പും സ്വന്തം കൃതികളിൽ ചാലിച്ചു ചേർക്കുന്നു. സമകാലിക സാഹിത്യത്തിൽ വേറിട്ടൊരു നിലപാടുതറ സൃഷ്ടിച്ചെടുക്കാൻ മാടമ്പിന് കഴിഞ്ഞിട്ടുണ്ട്.

0.19 നാലുകെട്ടിനകത്ത് നരകിച്ചു തീരാൻ വിധിക്കപ്പെട്ട സ്ത്രീജന്മങ്ങളെ പുറംലോകത്തേക്കു കൈപിടിച്ചാനയിക്കാൻ അന്തർജ്ജനസമാജത്തിന്റേയും യോഗക്ഷേമസഭയുടേയും പ്രവർത്തനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. മാടമ്പിന്റെ കൃതി കളിലെ സ്ത്രീകൾ നിസ്സാഹയരല്ല. ശക്തിരൂപിണിയായ സ്ത്രീ എങ്ങനെ സമൂഹ ത്തിന്റെ യാഥാസ്ഥിതിക സങ്കല്പങ്ങളെ ചോദ്യം ചെയ്യുന്നുവെന്ന് മാടമ്പിന്റെ കൃതി കളുടെ പുനർവായനയിലൂടെയും പഠനത്തിലൂടെയും മനസ്സിലാക്കാം.

0.20 ആധുനിക നോവലിസ്റ്റുകൾക്കിടയിൽ സാമൂഹിക പ്രാധാന്യമുള്ളതും പ്രതികരണക്ഷമതയുളവാക്കുന്നതുമായ സൃഷ്ടികൾ സംഭാവന ചെയ്ത മാടമ്പുകുഞ്ഞുകുട്ടൻ എന്ന വ്യക്തിക്ക് അർഹിക്കുന്ന പ്രാധാന്യം നൽകുകയും പ്രസ്തുത നോവലുകളുടെ പ്രസക്തി വിലയിരുത്തുകയും ചെയ്യുക എന്നതാണ് പ്രധാനലക്ഷ്യം.

0.21 മാടമ്പിന്റെ രചനകൾ തെരഞ്ഞെടുക്കാനുള്ള പ്രധാന കാരണങ്ങൾ

1. വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയ മാടമ്പിന്റെ കൃതികളിൽ ഫ്യൂഡൽ സമുദാ യത്തിന്റെ തകർച്ചയുടെ ചരിത്രം ഒരു പരിധിവരെ വായിച്ചെടുക്കാം.

2. മറക്കുടയ്ക്കുള്ളിൽ നിന്നു പുറത്തുവരാൻ വെമ്പുകയും സമൂഹത്തിനു നേരെ ചോദ്യശരങ്ങൾ എയ്യുകയും ചെയ്യുന്ന സ്ത്രീ കഥാപാത്രങ്ങൾ മാടമ്പിന്റെ നോവ ലുകളിൽ പ്രത്യക്ഷപ്പെടുന്നു.

3. സാമൂഹ്യ പ്രസ്ഥാനങ്ങൾ നമ്പൂതിരി സ്ത്രീയുടെ ജീവിതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തി എന്നത് പഠനവിധേയമാക്കേണ്ട വസ്തുതയാണ്.

4. നവയുഗത്തിലും മനുഷ്യനെ നായാടുന്ന അസ്വസ്ഥതയുടെ ദൃശ്യങ്ങളും, നിശി തപരിഹാസത്തിന്റെ തീവ്രഭാഷയും മാടമ്പിന്റെ കൃതികളുടെ പ്രത്യേകതയാണ് എന്നത് ശ്രദ്ധേയമാണ്.

0.22 നിശിതമായ ആത്മപരിഹാസത്തിന്റെ കുന്തമുന തിളങ്ങുന്ന മാടമ്പ് കുഞ്ഞുകുട്ടന്റെ കൃതികൾ നമ്പൂതിരി സമുദായത്തിന്റെ നേർക്കാഴ്ചയാണ്. ചരിത്രവും സമകാലിക സമൂഹവും ഇഴപിരിയുന്ന ഈ കൃതികളുടെ ഗൗരവകരമായ പഠനം ഇതുവരെ നടന്നതായി കണ്ടിട്ടില്ല. ആധുനിക കാലത്തെ സ്ത്രീമുന്നേറ്റങ്ങളിൽ വ്യക്തമായ സ്ഥാനം പങ്കിടുന്ന നമ്പൂതിരി സ്ത്രീയുടെ ജീവിതം ഏതൊക്കെ ചരിത്രസന്ധികളിൽ കൂടി കടന്നു പോന്നു എന്ന അന്വേഷണത്തിന് മാടമ്പിന്റെ സ്ത്രീകഥാപാത്രങ്ങൾ പ്രയോജനപ്പെടുന്നു. മാടമ്പിന്റെ സ്ത്രീകഥാപാത്രങ്ങൾ വിശുദ്ധിയുടേയും ആത്മബലത്തിന്റേയും പ്രതീകങ്ങളായി പ്രത്യക്ഷപ്പെടുന്നവരാണ്. ആധുനിക നോവലിസ്റ്റുകളുടെ അണിയിൽ പെടുത്തിക്കൊണ്ടുതന്നെ പ്രസ്തുത കൃതികളുടെ പുനർവായന അനിവാര്യമായിരിക്കുന്നു.

0.23 മാടമ്പിന്റെ കൃതികളെ വിശകലനം ചെയ്ത്, കേരളത്തിലുണ്ടായ സാമൂഹ്യ-സാംസ്കാരിക മാറ്റങ്ങൾ നമ്പൂതിരി സമുദായത്തിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്ന് കണ്ടെത്തുന്നു.

0.24 നമ്പൂതിരി സമുദായത്തിൽ നിലവിലിരുന്ന ആചാരങ്ങൾ, കുടുംബബന്ധവ്യവസ്ഥ, നവീന വിദ്യാഭ്യാസം വരുത്തിയ മാറ്റങ്ങൾ, നവപരിണാമ വ്യവസ്ഥയിൽ സ്ത്രീകൾ വഹിച്ച പങ്ക് ഇവ മാടമ്പിന്റേയും ഈ പന്ഥാവിലെ മുൻകാല കൃതികളെയും ആസ്പദമാക്കി വിലയിരുത്തുന്നു.

0.25 മാടമ്പു കുഞ്ഞുകുട്ടനുമായി മുഖാമുഖം കണ്ട് അദ്ദേഹത്തിന്റെ ജീവിതവീക്ഷണവും സമൂഹത്തോടുള്ള പ്രതികരണവും മനസ്സിലാക്കുന്നു.

മാടമ്പിന്റെ രചനാതന്ത്രം, ഇതിവൃത്തം, ഭാഷ, പാത്രസൃഷ്ടി, നോവലിലെ സ്ഥലകാലങ്ങൾ തുടങ്ങിയ ഘടകങ്ങളെ അപഗ്രഥിച്ച് സവിശേഷതകൾ വിലയിരുത്തുന്നു.

അദ്ധ്യായം-1

നോവൽ എന്ന സാഹിത്യരൂപം.

അദ്ധ്യായം-2

ഫെമിനിസ്റ്റ് സാഹിത്യം കേരളത്തിൽ

അദ്ധ്യായം-3

യോഗക്ഷേമസഭാപ്രവർത്തനം, ഉണ്ണിനമ്പൂതിരി, യോഗക്ഷേമം മാസികകളിലെ മികച്ച രചനകളെ കുറിച്ചുള്ള അന്വേഷണം, നേതൃത്വപരമായ പങ്ക് നിർവഹിച്ച അന്തർജ്ജനങ്ങളുടെ പ്രവർത്തനങ്ങൾ.

അദ്ധ്യായം-4

നമ്പൂതിരി സമുദായപരിഷ്കരണോദ്യമങ്ങൾ സാഹിത്യത്തിൽ-വി.ടി.ഭട്ടതിരിപ്പാട്, മൂത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, പ്രേംജി, എം.ആർ.ബി, എന്നിവരുടെ സമുദായ പരിഷ്കരണോന്മുഖമായ രചനകളുടെ പഠനം.

അദ്ധ്യായം-5

മാടമ്പിന്റെ നോവൽശില്പം

ആത്മനിഷ്ഠ നോവലുകൾ - അശ്വത്ഥാമാവ്, ഭ്രഷ്ട്, അവിഘ്നമസ്തു, കോളനി, ഉത്തരകോളനി, സാവിത്രിദേ ഒരു വിലാപം, ചക്കരക്കുട്ടിപ്പാറു.

അദ്ധ്യായം-6

ആത്മനിഷ്ഠേതര നോവലുകൾ- മരാരാശ്രീ, പോത്ത്, പാതാളം, നിഷാദം, ദേവഭൂമി, സാരമേയം- ഒരു പട്ടിയുടെ ആത്മകഥ, മഹാപ്രസ്ഥാനം, എന്തരോ മഹാനുഭാവുലു, ഓം ശാന്തി ശാന്തി ശാന്തി, അഭിവാദയേ. .

അദ്ധ്യായം-7

തന്ത്രശാസ്ത്രാധിഷ്ഠിത നോവലുകൾ - അമൃതസ്യപുത്രഃ,

സാധനാലഹരി, ആര്യാവർത്തം.

അദ്ധ്യായം-8

മാടമ്പിന്റെ ഭാഷാശൈലി

അദ്ധ്യായം- 9

നോവലുകളിലെ സ്ത്രീകഥാപാത്രചിത്രണം

ഉപസംഹാരം

നിഗമനങ്ങൾ

അനുബന്ധം : മാടമ്പു കുഞ്ഞുകുട്ടനുമായുള്ള അഭിമുഖം.

R.GOPALAKRISHNAN
Secretary
Kerala Sahitya Akademi
Town Hall Road
Thrissur 680 020
Kerala,India

Dr. S. K. VASANTHAN,
2-D UNITY ENCLAVE,
UNITY ROAD,
KURIYACHIRA,
TRISSUR-6.